**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9</u>** **<u>07-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കോവിഡ് വാക്സിന്റെ ലഭ്യത</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ സി എച്ച് കുഞ്ഞമ്പു | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | 2021 മേയ് മുതൽ പതിനെട്ട് വയസ്സിനുമേൽ പ്രായമുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ നൽകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്ര ഡോസ് വാക്സിൻ അനുവദിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്; അതിൽ എത്ര ഡോസ് വാക്സിനാണ് ലഭ്യമായിട്ടുള്ളത്; | (എ) | 18 വയസ് മുതൽ 45 വയസ് വരെയുള്ളവർക്ക് 2021 മെയ് മാസം മുതൽ വാക്സിനേഷൻ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിന് വാക്സിൻ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ liberalised pricing and Accelerated national covid - 19 vaccine strategy പ്രകാരം ഓരോ സംസ്ഥാനങ്ങൾക്കും 18 - 45 വയസ്സ് വരെയുള്ളവർക്ക് ലഭ്യമാക്കാവുന്ന വാക്സിന്റെ വിശദാംശങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നു. ഈ വാക്സിൻ സംസ്ഥാന സർക്കാരാണ് വാക്സിൻ കമ്പനികളിൽ നിന്ന് വാങ്ങിക്കേണ്ടതും ഉപയോഗിക്കേണ്ടതും. 18 മുതൽ 45 വയസ്സ് വരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ (01.06.2021) 8,84,290 ഡോസുകൾ ലഭിച്ചു. |
| (ബി) | നാൽപ്പത്തിയഞ്ച് വയസ്സിനുമേൽ പ്രായമുള്ള എല്ലാവർക്കും വാക്സിൻ നൽകുന്നതിനായി എത്ര ഡോസ് വാക്സിനാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; അതിൽ എത്ര ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (ബി) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചെങ്കിലും വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിക്കുകയുണ്ടായി. 01/06/2021 വരെ കേന്ദ്രം 91,27,170 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ, കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് വാക്സിൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ പര്യാപ്തമായ തോതിൽ വാക്സിൻ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചെങ്കിലും വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിക്കുകയുണ്ടായി. 01/06/2021 വരെ കേന്ദ്രം 91,27,170 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ, |

| | | | |
|---|---|---|---|
| | | | കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ